## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4256 — 13.12.2018-ലെ മറുപടിയ്ക്ക്

### ഏഷ്യാ പസഫിക് ഡെഫ് ഒളിമ്പിക്സ് മെഡൽ ജേതാവായ ശ്രീജിഷ്ണയുടെ അപേക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ബധിര കായിക താരങ്ങൾക്ക് കായിക-യുവജനകാര്യ വകുപ്പ് മുഖേന നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 'സ്പോർട്സ് കൗൺസിൽ ഓഫ് ഡെഫ്' എന്ന കായിക സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സംഘടനയെ പ്രതിനിധീകരിച്ച് ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്ന കായിക താരങ്ങൾക്ക് അർഹമായ ക്യാഷ് അവാർഡും മീറ്റ് സംഘടിപ്പിക്കുവാൻ ഫണ്ടും നൽകി വരുന്നുണ്ട്. ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതിനും, കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിനും, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ഗവ.വി.എച്ച്.എസ്.എസ് ഫോർ ഡെഫ് എന്ന സ്കൂളിന് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏഷ്യാ പസഫിക് ഡെഫ് ഒളിമ്പിക്സിൽ മെഡൽ ജേതാവായ മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പെരുവല്ലൂർ സ്വദേശിയായ കാളാശ്ശേരി സുരേഷ് ബാബുവിന്റെ മകൾ ശ്രീജിഷ്ണയിൽ നിന്നും എന്തെങ്കിലും അപേക്ഷ ലഭിച്ചിരുന്നോ; | (ബി) & (സി) | ശ്രീജിഷ്ണണയുടെ പിതാവായ സുരേഷ് ബാബുവിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | | |
| (ഡി) | ബധിര കായിക താരങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | ബധിര കായിക താരങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികളൊന്നും കായിക വകുപ്പിൽ നിലവിലില്ല. |
| (ഇ) | ശ്രീജിഷ്ണുയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | നിലവിലുള്ള നിയമപ്രകാരം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**